# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1285 02.05.2017-ൽ മറുപടിക്ക്

## പഞ്ചായത്തുറോഡ് നിർമ്മാണത്തിലെ പുതിയ നിബന്ധനകൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിൽ പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br>ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ (2017-18)- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം.<br>2. റോഡ് നിർമ്മാണ പ്രോജക്ടിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ വികസനഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടത്.<br>3. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണ ഗതാഗതയോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.<br>4. ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ളോക്ക് പഞ്ചായത്തുകൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.<br>5. ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡ് പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പ്രോജക്ട് ഏറ്റെടുക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.<br>• ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സമ്മതപത്രം വാങ്ങിയിരിക്കണം<br>• പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>6. അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ.<br>7.<br>തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ചെയ്യാൻ പാടില്ലാത്തതാണ്.<br>8. റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് വ്യവസ്ഥകൾ പാലിച്ചു കൊണ്ട് മാത്രമേ കോൺക്രീറ്റ് പണികൾ ചെയ്യാൻ പാടുള്ളൂ.<br>9. ഗതാഗത തിരക്കേറിയ റോഡുകളിൽ കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്<br>10. നാറ്റ്പാക് നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ടാറിൽ ചേർത്താണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടത്.<br>11. അപായ സാദ്ധ്യതയുള്ള റോഡുകളിൽ ഗ്രാമ പഞ്ചായത്തുകൾ അപായമുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം |
| **(ബി)** | പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായുള്ള ടാർ കരാറുകാർ വാങ്ങുന്നതിനു പകരം സെക്രട്ടറി വാങ്ങി കരാറുകാരനെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | **(ബി)** | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ടാർ സൂക്ഷിക്കലും, വിതരണം ചെയ്യലും കൂടിയാകുമ്പോൾ സെക്രട്ടറിക്ക് അധികജോലിഭാരം ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പുതിയ നിബന്ധനകൾ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് മുടങ്ങി കിടക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ? | (ഡി) | ഗ്രാമപഞ്ചായത്തുകളിലെ 780 റോഡുകളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |

Saradadevi

**സെക്ഷൻ ഓഫീസർ**